"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ ഇടുക്കി ജില്ലയിലെ പൈനാവ് ഗവ. എൻജിനീയറിംഗ് കോളേജിൽ കമ്പ്യൂട്ടർ സയൻസ് ആന്റ് എൻജിനീയറിംഗ് വകുപ്പിൽ, ഗ്രേഡ്-1 ട്രേഡ് ഇൻസ്ട്രക്ടറായ ശ്രീ.ജി.എസ്.ഗോപകുമാറിനെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഎം) വകുപ്പ്**

സ.ഉ.(സാധാ) നം.2544/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 12/11/2019

---

പരാമർശം:- 1 സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 30.08.2019 -ലെ ഇബി2/33671/2019/ഡിറ്റിഇ നം. കത്ത്.

2 സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 23.10.2019- ലെ എ1-519/2013/എസ്ഇസി. നം. കത്ത്.

## ഉത്തരവ്

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ, ഇടുക്കി ജില്ലയിലെ പൈനാവ് ഗവ. എൻജിനീയറിംഗ് കോളേജിൽ കമ്പ്യൂട്ടർ സയൻസ് ആന്റ് എൻജിനീയറിംഗ് വകുപ്പിൽ ഗ്രേഡ്-1 ട്രേഡ് ഇൻസ്ട്രക്ടറായ ശ്രീ.ജി.എസ്.ഗോപകുമാറിന് അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നൽകണമെന്ന് പരാമർശം (2)- ലെ കത്ത് പ്രകാരം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ആവശ്യപ്പെട്ടിരിക്കുന്നു. ഡെപ്യൂട്ടേഷൻ നിയമനത്തിനു ബാധകമായ വ്യവസ്ഥകളനുസരിച്ച് ടിയാളുടെ സേവനം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണറുടെ കാര്യാലയത്തിന് നൽകുന്നതിന് വകുപ്പിന് എതിർപ്പില്ലായെന്ന് തിരുവനന്തപുരം, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സൂചന (1) ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ, ഇടുക്കി ജില്ലയിലെ പൈനാവ് ഗവ. എൻജിനീയറിംഗ് കോളേജിൽ കമ്പ്യൂട്ടർ സയൻസ് ആന്റ് എൻജിനീയറിംഗ് വകുപ്പിൽ ഗ്രേഡ്-1 ട്രേഡ് ഇൻസ്ട്രക്ടറായ ശ്രീ.ജി.എസ്. ഗോപകുമാറിനെ നിലവിലെ ഡെപ്യൂട്ടേഷൻ വ്യവസ്ഥകൾക്ക് വിധേയമായി അന്യത്ര സേവന വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് നിയമിച്ചു കൊണ്ട് ഉത്തരവ്

പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബീനമോൾ കെ ജെ**
ഡെപ്യൂട്ടിസെക്രട്ടറി

സെക്രട്ടറി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ശ്രീ. ഗോപകുമാർ ജി.എസ്, ഗ്രേഡ്-1 ട്രേഡ് ഇൻസ്ട്രക്ടർ, പൈനാവ് ഗവ. എൻജിനീയറിംഗ് കോളേജ്, ഇടുക്കി ജില്ല.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശ സ്വയം ഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ്& ന്യൂ മീഡിയ)വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ